V. മുഖ്യമന്ത്രിയുടെ പ്രസ്താവന

കല്ലട-ഇടമലയാർ അണക്കെട്ടുകളിലുണ്ടായ ചോർച്ചയെക്കുറിച്ചുള്ള ജുഡീഷ്യലന്വേഷണം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നമ്മുടെ സംസ്ഥാനത്തെ വികസനരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് പ്രോജക്റ്റുകളാണ് കല്ലടയും, ഇടമലയാറും. നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കും വികസനത്തിനും വലിയ പങ്കു വഹിക്കേണ്ട ഈ പ്രോജക്റ്റിന്റെ പുരോഗതി ജനങ്ങൾ താൽപ്പര്യപൂർവ്വം ഉറ്റുനോക്കുക സ്വാഭാവികമാണ്. അക്കാരണത്താൽത്തന്നെ ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഇക്കാര്യത്തിൽ എന്തു സംഭവിച്ചു എന്നറിയാൻ പ്രത്യേക താൽപ്പര്യം ഉണ്ട്. ഒരു കാലത്ത് ജനപങ്കാളിത്തത്തിന് പ്രസിദ്ധിയാർജ്ജിച്ച ഒരു പദ്ധതിയാണ് കല്ലട പദ്ധതി. എന്റെ സുഹൃത്ത് ശ്രീ. ബേബിജോൺ ഉൾപ്പെട്ട ഗവൺമെന്റിന്റെ കാലത്ത്, ഡോക്ടർ, അടിയോടി ഇറിഗേഷൻ മിനിസ്റ്ററായിരുന്ന കാലത്ത് പൊതുജനപങ്കാളിത്തം ഒരു പദ്ധതിയിൽ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും എന്നു കാണിച്ചു. ഈ രാജ്യത്താകമാനമുള്ള ജനങ്ങൾക്ക് താൽപ്പര്യമുണ്ടാക്കിയ ഈ രണ്ട് പദ്ധതികളുടെ പ്രവർത്തനത്തിലും ചില ന്യൂനതകളുണ്ട്. ആ ന്യൂനതകളുടെ വ്യാപ്തി എത്രമാത്രമുണ്ടെന്നു അറിയാൻ ജനങ്ങൾക്കുള്ള ഉൽക്കണ്ഠയുടെ അടിസ്ഥാനത്തിൽ ഈ സഭയിലെ രണ്ട് കമ്മിറ്റികളായ പി. യു. സി. യും, പി. എ. സി. യും അതു പരിശോധിച്ചു അവരുടേതായ ചില ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. അതെല്ലാം ഗവൺമെന്റ് ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ട്. ഈ സഭയിലെ ഒരു കമ്മിറ്റി ഇത് ജുഡീഷ്യൽ എൻക്വയറിക്ക് വിടണമെന്നു നിർദ്ദേശിച്ചു. ഗവൺമെന്റ് അതിനെക്കുറിച്ചു ഗൗരവമായി ആലോചിച്ചു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യങ്ങൾ സത്യസന്ധമായി പരിശോധിച്ച് നമ്മുടെ സംസ്ഥാനത്തെ വികസന പ്രവർത്തനരംഗത്ത് എവിടെയെങ്കിലും കറുത്ത പുള്ളികൾ ഉണ്ടെങ്കിൽ അവ ഇല്ലായ്മ ചെയ്യേണ്ടതാവശ്യമാണ്. ഇതിൽ ആരുടെ ഭാഗത്തുനിന്നു വീഴ്ച വന്നു, ആരുടെ കാലത്ത് വീഴ്ച വന്നു എന്നുള്ളതല്ല പ്രശ്നം. പദ്ധതിക്കു എന്തു സംഭവിച്ചു എന്നുള്ളതാണ് പ്രശ്നം. അതുകൊണ്ട് വിശാലമായ കാഴ്ചപ്പാടിൽത്തന്നെ ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള വീഴ്ചകളെക്കുറിച്ചു പരിശോധിക്കേണ്ടതും അതിനുത്തരവാദികളായ ആളുകൾ കുറ്റക്കാരാണെന്നു കണ്ടാൽ അവരെ ശിക്ഷിക്കേണ്ടതുമാണ്. സാധാരണഗതിയിലുള്ള ഒരു അഴിമതിയാരോപണമാണെങ്കിൽ അതിനുള്ള സംവിധാനം ഇവിടെയുണ്ട്. ആ സംവിധാനം പ്രയോജനപ്പെടുത്തണമെന്നു ആവശ്യപ്പെടാമായിരുന്നു. എന്നാൽ ഈ രണ്ട് പദ്ധതികളെ സംബന്ധിച്ചു ഒരു ഗവൺമെന്റിന്റെ കാലത്തോ ഒരു മന്ത്രിയുടെ കാലത്തോ ഉണ്ടായിട്ടുള്ള സംഗതികളല്ല. പല കാലങ്ങളിൽ ഉണ്ടായിട്ടുള്ള സംഗതികളാണ്. മാത്രവുമല്ല ഈ സംസ്ഥാനത്തെ ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള വികാരങ്ങൾ, അവരുടെ ഉൽക്കണ്ഠ, ഇതു ഭാവിയിൽ എങ്ങനെ വരുമെന്നുള്ള ആശങ്ക ഇതെല്ലാം കണക്കിലെടുത്തു ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ഇന്നലെ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചിരിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണം നടത്തുന്നത് കേരളത്തിലെ ഒരു സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയെക്കൊണ്ടായിരിക്കണമെന്നും ഞങ്ങൾക്കാഗ്രഹമുണ്ട്. (ബഹളം) അതുകൊണ്ട് അതിനാവശ്യമായ ജഡ്ജിയുടെ സേവനം വിട്ടുതരണമെന്നു ഞങ്ങൾ ഹൈക്കോടതിയോടു ആവശ്യപ്പെടാൻ പോവുകയാണ്. അതോടൊപ്പം തന്നെ ഹൈക്കോടതി ജഡ്ജിയെ സഹായിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധൻമാരുടെ സേവനം നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ വിവിധവശങ്ങളെക്കുറിച്ചു പരിശോധിച്ചു ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള യാതൊരു വ്യത്യാസവും ഗവൺമെൻറ് ഇ ാര്യത്തിൽ കാണുന്നില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വികസന പ്രവർത്തന രംഗത്തെ എല്ലാ അഴിമതിയും ഇല്ലായ്മ ചെയ്യുകയും എവിടെയെങ്കിലും അനധികൃതമായോ അലസമായോ എന്തെങ്കിലും അഴിമതികൾ നടക്കുന്നുണ്ടെങ്കിൽ അതു തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് ഗവൺമെൻറിന് യാതൊരു വൈമനസ്യവും ഇല്ലായെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണം നടത്താൻ നിശ്ചയിച്ച വിവരം സസന്തോഷം ഞാൻ സഭയെ അറിയിക്കുകയാണ്.

VI റൂൾ 130 അനുസരിച്ചുള്ള ഉപക്ഷേപം

കല്ലട–ഇടമലയാർ അണക്കെട്ടുകളിലുണ്ടായ ചോർച്ചയെത്തുടർന്നുളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം

ശ്രീ. ബേബി ജോൺ : സർ, കേരളത്തിലെ പ്രമുഖ ജലസേചന-വൈദ്യുതി പദ്ധതികളായ കല്ലട, ഇടമലയാർ അണക്കെട്ടുകളിലുണ്ടായ ചോർച്ചയെത്തുടർന്ന് സംജാതമായ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഈ ഉപക്ഷേപത്തിന് കുറച്ച് ദിവസങ്ങൾക്കു മുമ്പായിരുന്നു നോട്ടീസ് നൽകിയതെന്ന് അങ്ങേക്കും സഭാനേതാവിനും അറിയാവുന്നതാണ്. അതിന്റെ ചർച്ച ഇന്നു വരുമെന്നും അറിയാമായിരുന്നു. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ അറിയിച്ചിരിക്കുന്നു, ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നുവെന്ന്. അത്രത്തോളമായി. കമ്മിറ്റിയുടെ റിപ്പോർട്ട് എന്ന് പറയുന്നത് അദ്ദേഹം പറഞ്ഞതുപോലെ തന്നെ കക്ഷി വ്യത്യാസം കൂടാതെയുള്ള സഭയുടെ കമ്മിറ്റിയുടെ റിപ്പോർട്ടാണ്. കഴിഞ്ഞ ജൂലൈ മാസത്തിലായിരുന്നു പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട് ഈ സഭയിൽ അവതരിപ്പിച്ചത്. ഇത് സെപ്റ്റംബർ മാസമാണ്. എന്നിട്ടും ഈ നോട്ടീസ് കിട്ടിയതിന്റെ ചർച്ചയ്ക്ക് വരുന്ന അവസരത്തിൽ മാത്രമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആ റിപ്പോർട്ടിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കണ എന്ന് തോന്നിയത്.

ആ റിപ്പോർട്ടിന്റെ അവസാന ഭാഗം അങ്ങയുടെ അറിവിനുവേണ്ടി ഞാൻ വായിക്കുകയാണ്. The Committee desire that an enquiry should be conducted immediately about all the aspects in the construction of the Dam including the leakage and its causes by an independent agency consisting of top level experts not connected in any way with the construction of the Dam.

Responsibilities should be fixed for the various.... .....

എന്നു പറഞ്ഞതാണ്. ഈ കമ്മിറ്റി ജൂലൈ 30-ാം തീയതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. പബ്ലിക് അണ്ടർടേക്കിങ്ങ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് 4-ാം തീയതിയാണ് സമർപ്പിച്ചത് എന്നാണെന്റെ ഓർമ്മ. അതിൽ പറഞ്ഞിരിക്കു

LIBRARY ARCHIVES Kerala Legislative Assembly